"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് -എക്സൈസ്- ജീവനക്കാര്യം - കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസറായിരുന്ന പരേതനായ സുശാന്തിരാജിന്റെ ആശ്രിതർക്ക് എക്സ്ഗ്രേഷ്യ ധനസഹായം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ്) വകുപ്പ്**

G.O.(Rt)No.317/2025/TAXES തീയതി,തിരുവനന്തപുരം, 02-04-2025

---

പരാമർശം:- 1. 06.04.2013 ലെ സ.ഉ(അ).153/(144)/2013/ധന നമ്പർ ഉത്തരവ്

2. എക്സൈസ് കമ്മീഷണറുടെ 06.03.2024,16.11.2024 തീയതികളിലെ ഇ.എക്സ്.സി/1273/2024-എക്സ്.ഇ6 നമ്പർ കത്തുകൾ.

**ഉത്തരവ്**

കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസറായിരുന്ന കെ.കെ.സുശാന്തിരാജ് 17.12.2012 ന് രാത്രി പാറാവ് ഡ്യൂട്ടിക്കിടയിൽ ഹൃദയസ്തംഭനം മൂലം മരണപ്പെടുകയും തുടർന്ന ടിയാന്റെ പേരിലുള്ള GPAIS തുക ലഭിക്കുന്നതിനായി ടിയാന്റെ ഭാര്യ ശ്രീമതി.സത്യരാജി ഇൻഷുറൻസ് ഓഫീസിൽ അപേക്ഷ നൽകിയപ്പോൾ ടിയാന്റെ മരണം ഡ്യൂട്ടിക്കിടയിലുള്ള അപകട മരണമായി കണക്കാക്കുവാൻ കഴിയില്ലെന്നറിയിച്ച് അപേക്ഷ നിരസിച്ചു എന്നും ആയത് പുനഃപരിശോധിക്കണമെന്ന് അപേക്ഷിച്ച് ടിയാന്റെ ഭാര്യ സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം എക്സൈസ് കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. GPAIS സംബന്ധമായ സാമ്പത്തിക ആനുകൂല്യം ഒന്നും തന്നെ സുശാന്തിരാജിന്റെ ആശ്രിതർക്ക് ലഭ്യമായിട്ടില്ലാത്തതിനാലും FIR -ന്റെ പകർപ്പ്, മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്, പോസ്റ്റ്മാർട്ടം റിപ്പോർട്ടിന്റെ പകർപ്പ്, ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടുള്ളതിനാലും സുശാന്തിരാജിന്റെ ആശ്രിതർക്ക് പരാമർശം (1) ഉത്തരവ് പ്രകാരമുള്ള എക്സ്ഗ്രേഷ്യ ധനസഹായം ആയ 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപാ മാത്രം) അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD M V

JOINT SECRETARY

1. എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/അഡിറ്റ് - ഇ.ആർ.എസ്.എ) കേരള, തിരുവനന്തപുരം
3. ധന വകുപ്പ് (ഫയൽ നം. EXP- B1/238/2024-FIN തീയതി 26-03-2025 പ്രകാരം )
4. വെബ് &ന്യൂ മീഡിയ
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ